## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4382

13.11.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനം

| ചോദ്യം<br>ശ്രീ.എ.പി.അനിൽകുമാർ | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ വികസനം ലക്ഷ്യമിട്ട് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | വാത്സല്യനിധി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയിൽ ഉള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും, എൽ.ഐ.സി. ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000/- രൂപ നാല് ഇൻസ്റ്റാൾമെന്റുകളിലായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000/- രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. കൂടാതെ താഴെ ചേർത്ത പ്രകാരം പെൺകുട്ടിക്കും അച്ഛൻ/അമ്മ, സഹോദരൻ/സഹോദരിക്കും ആനുകൂല്യങ്ങൾ എൽ.ഐ.സി. വഴി ലഭിക്കുന്നു. |

ആകസ്മിക മരണത്തിന്

| | | |
|---|---|---|
| വരുമാനദായകൻ | സാധാരണ മരണം | 2,00,000/- രൂപ |
| | അപകട മരണം | 4,00,000/- രൂപ |
| | അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം | 1,00,000/- രൂപ |
| | അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000/- രൂപ |
| മറ്റ് രക്ഷകർത്താവ് | സാധാരണം മരണം | 30,000/- രൂപ |
| | അപകട മരണം | 30,000/- രൂപ |
| കുട്ടി | സാധാരണ മരണം | 3,00,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനുകൂല്യമായി |
| | അപകട മരണം | |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td></td><td>എൽ.ഐ.സി.<br>കൊടുക്കുന്നതായിരിക്കും (ആയത് 8 വയസ്സിന് ശേഷം മാത്രം ബാധകമായിരിക്കും. 8 വയസിന് ശേഷമാണ് ഇൻഷുറൻസ് കവറേജ്</td></tr>
<tr><td colspan="3">വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ</td></tr>
<tr><td>സ്വീകർത്താവ്</td><td>പഠിക്കുന്ന സ്റ്റാന്റേർഡ്</td><td>തുക</td></tr>
<tr><td>പെൺകുട്ടി</td><td>9,10,11,12</td><td>1200/- രൂപ ഓരോ വർഷവും</td></tr>
<tr><td>സഹോദരനോ/ സഹോദരിക്കോ</td><td>9,10,11,12</td><td>1200/- രൂപ ഓരോ വർഷവും</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് അറിയിക്കമോ?</td>
<td>(ബി)</td>
<td>
<table>
<tr><td>മാനദണ്ഡങ്ങൾ</td><td>നിക്ഷേപ തുക</td><td>പ്രീമിയം</td></tr>
<tr><td>1) പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം<br>2) ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം</td><td>39000</td><td>I</td></tr>
<tr><td>1) പെൺകുട്ടിയിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം<br>2) പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം</td><td>36000</td><td>II</td></tr>
<tr><td>അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ് പൂർത്തിയാകുകയും വേണം പത്താംതരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം</td><td>33000</td><td>III</td></tr>
<tr><td>പെൺകുട്ടി പത്താംതരം പാസാകുകയും 15 വയസ് പൂർത്തിയാകുകയും വേണം പത്താംതരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം</td><td>30000</td><td>IV</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ